**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയം ഭരണ വകുപ്പ് - പഞ്ചായത്ത് അധീനതയിലുള്ള സ്ഥലങ്ങളിൽ നിരീക്ഷണ കിണറുകൾ സ്ഥാപിക്കുന്നതിനുള്ള ഉപയോഗ അനുമതി ഭൂജലവകുപ്പിന് നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്**

സ.ഉ(സാധാ) നം.3022/17/ത.സ്വ.ഭ.വ തീയതി, തിരുവനന്തപുരം , 11.09.2017

പരാമർശം - 1) ജലവിഭവ (ജി & പി) വകുപ്പിന്റെ 01.04.2017 ലെ ജി & പി3/155/2016/ഡബ്ല്യൂ.ആർ.ഡി നമ്പർ കത്ത്

2) പഞ്ചായത്ത് ഡയറക്ടറുടെ 12.07.2017 ലെ ജെ7-12694/17 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ജലസ്രോതസുകളുടെ വിവര ശേഖരണത്തിനും ജലസ്രോതസുകളെ ശക്തിപ്പെടുത്തുന്നതിനുമായി വിഭാവനം ചെയ്തിട്ടുള്ള നാഷണൽ ഹൈഡ്രോളജി പ്രോജക്ട് ഭൂജലവകുപ്പ് നടപ്പിലാക്കി വരുന്നതായും ഇതിന്റെ പൂർണ്ണ തോതിലുള്ള ഫലം കൈവരിക്കുന്നതിനു വേണ്ടി പുതിയ നിരീക്ഷണ സംവിധാനം ഏർപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുള്ളതായി പരാമർശം (1) പ്രകാരം ജലവിഭവ വകുപ്പ് അറിയിച്ചിട്ടുണ്ട്. പഞ്ചായത്ത് അധീനതയിലുള്ള സ്ഥലങ്ങളിൽ നിരീക്ഷണ കിണറുകൾ സ്ഥാപിക്കുന്നതിനുള്ള അനുമതി ഭൂജലവകുപ്പിന് നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന പരാമർശം (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ അപേക്ഷ സമർപ്പിക്കുകയുമുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു അതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ആധീനതയിലുള്ള സ്ഥലങ്ങളിൽ നിരീക്ഷണ കിണറുകൾ സ്ഥാപിക്കുന്നതിനുള്ള ഉപയോഗ അനുമതി ഭൂജല വകുപ്പിന് നല്കി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
മുഹമ്മദ് റിയാസ്
ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ, ഭൂജലവകുപ്പ്, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്-എൽ.ബി.എ & എ), തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം
ജലവിഭവ വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ